SET A

# സമഗ്ര ശിക്ഷാ, കേരളം

പാദവാർഷിക മൂല്യനിർണയം 2019-20

**902**

## മലയാളം

## കേരളപാഠാവലി

സ്റ്റാന്റേർഡ് IX

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

---

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.

(4 x 1 = 4)

1. "ഇതാ, തന്റെ കൈയിലും ഒരു കോടിയുടുപ്പായി! അടിച്ചുനനച്ചു കുളിക്കുമ്പോൾ മാറിയുടുക്കാൻ ഒരു വസ്ത്രമെന്നല്ലാതെ" - കണ്ണമ്മയുടെ ഈ വാക്കുകളിൽ തെളിയുന്ന ഭാവം ഏത്?
   - സഹതാപം
   - നിരാശ
   - പ്രതിഷേധം
   - കോപം

2. "അടിമരാജ്യമായ ഇന്ത്യയെ ഞാൻ വെറുക്കുന്നു." (അമ്മ)
   ഈ വാക്യത്തിനു യോജിക്കുന്ന ആശയമേത്?
   - പാരതന്ത്ര്യമാണ് നല്ലത്.
   - സ്വാതന്ത്ര്യം ലക്ഷ്യമായി കാണുന്നില്ല.
   - സ്വതന്ത്ര ഇന്ത്യയ്ക്കായുള്ള ദാഹം.
   - അടിമത്തത്തെക്കുറിച്ച് വേവലാതിയില്ല.

3. '<u>പ്രകൃതിഭാവം</u> ക്ഷണികവും നശ്വരവുമാണ്.'
   അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?
   - പ്രകൃതിയോടുള്ള ഭാവം
   - പ്രകൃതിയും ഭാവവും
   - പ്രകൃതി എന്ന ഭാവം
   - പ്രകൃതിയുടെ ഭാവം

4. 'പേന മരിച്ചുകിടപ്പൂ നിൻ ട്രങ്കിന്റെ
   മൂലയിൽ, <u>കൊക്കുകൾ പൂട്ടിയിരുന്നു നാം</u>'
   അടിവരയിട്ട പ്രയോഗംകൊണ്ട് സൂചിപ്പിക്കുന്നതെന്ത്?
   - കുടുംബജീവിതം ഉല്ലാസഭരിതമായിരുന്നു.
   - വാക്കുകളിലൂടെയുള്ള സ്നേഹപ്രകടനം കുറഞ്ഞുവന്നു.
   - വാക്കും പ്രവൃത്തിയും പൊരുത്തപ്പെടുന്നില്ല.
   - പ്രിയതമയുടെ വാക്കുകൾക്ക് ഭംഗി ഇല്ലാതായി.

5. എം.പി. പോളിന്റെ അഭിപ്രായത്തിൽ കലാസൗന്ദര്യത്തെ പ്രകൃതിസൗന്ദര്യത്തിൽനിന്ന് വേർതിരിക്കുന്നത് എന്ത്?
   - മാറിവരുന്ന പ്രകൃതിഭാവങ്ങൾ

- ആസ്വാദനശേഷി
- മനുഷ്യന്റെ സർഗശേഷി
- കലർപ്പില്ലാത്ത സൗന്ദര്യം

6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക.

(2x 2= 4)

6. അർഥവ്യത്യാസം വരാതെ രണ്ടുവാക്യമാക്കി എഴുതുക.

മനുഷ്യൻ പ്രകൃതിയിൽനിന്നു വിഭിന്നനാണെന്നുള്ള സങ്കല്പമാണ് പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും തമ്മിലുള്ള വിവേചനത്തിനു നിദാനം.

7. "മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും."

വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ കണ്ടെത്തിയെഴുതുക.

8. വിദേശത്തുനിന്നു <u>വലിഞ്ഞുകയറി</u> ആധിപത്യമുറപ്പിച്ച ബ്രിട്ടീഷ് ഗവൺമെന്റ് ഉപ്പിനു കരം ചുമത്തി.

അടിവരയിട്ട പദം ശൈലിയായി പ്രയോഗിച്ച് ഒരു വാക്യം എഴുതുക.

9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരം എഴുതുക. (അരപ്പുറം)

(5 x 4 = 20)

9.
- "മേരിയും ലിസയും സേതുവുമൊക്കെ പറഞ്ഞുരസിക്കുന്നതൊന്നും തനിക്കുൾക്കൊള്ളാനാവില്ല. അതുകൊണ്ടുതന്നെയാവും അവർ തന്നെ സംഭാഷണങ്ങളിൽനിന്ന് ഒഴിവാക്കാൻ തിടുക്കപ്പെടുന്നത്."
- "പെട്ടെന്ന് ആരോ തന്റെ കൈപ്പത്തി ഞെക്കിപ്പിടിക്കുകയാണ്. കലപില കൂട്ടുന്ന കുപ്പിവളകൾ തന്റെ കൈത്തണ്ടിലേക്ക്." (കുപ്പിവളകൾ)

കണ്ണമ്മയോടുള്ള രണ്ടു സമീപനങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

10.
- "പ്രകൃതി എപ്പോഴും മാറിക്കൊണ്ടിരിക്കുന്നു. അതിന്റെ ഓരോ ഭാവവും ക്ഷണികമാണ്. ഈ ഭാവങ്ങളിൽ ചിലതു നമ്മിൽ സൗന്ദര്യപ്രതീതി ഉളവാക്കുവാൻ പര്യാപ്തമായിരിക്കും"-എം.പി. പോൾ
- "എന്തിനി പ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും, ഹാ! ജീവിതത്തെ മധുരിപ്പിച്ചീടുന്നു!"

പ്രകൃതിഭാവങ്ങൾ നമ്മെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു? രണ്ടു സന്ദർഭങ്ങളും താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കുക.

11. "പൂട്ടിവച്ചുള്ള മനസ്സോടിരുന്നു ഞാ-
നോർക്കുകയാണന്നിനങ്ങൾ തൻ ലാഘവം" (നഗരത്തിൽ ഒരു യക്ഷൻ)

സ്നേഹത്തിന്റെ ആഴം മനസ്സിലാക്കാൻ പ്രിയതമയെ പിരിഞ്ഞിരിക്കേണ്ടിവന്നു എന്ന് കവിക്ക് തോന്നുന്നുണ്ടോ?

കാവ്യസന്ദർഭങ്ങൾ വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

12. • "എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ?"

• "ഭാരതഭൂമി മരിച്ച എന്നെയും എന്നെ പ്രസവിച്ച എന്റെ അമ്മ ജീവിച്ചിരിക്കുന്ന എന്നെയും."

ഈ വാക്യങ്ങളിൽ തെളിയുന്ന ബഷീറിന്റെ മാതൃസ്നേഹം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

13. "വസന്തത്തിലൂടെ പുഞ്ചിരിതൂകുന്ന പ്രകൃതി ചിലപ്പോൾ നഖത്തിലും ദന്തത്തിലും രക്തം പുരണ്ട ഉഗ്രരൂപിണിയായും പ്രത്യക്ഷപ്പെടുന്നു."

പ്രകൃതിഭാവങ്ങളുടെ സവിശേഷതകൾ ആവിഷ്കരിക്കാൻ ലേഖകൻ ഉപയോഗിച്ച പദങ്ങൾ എത്രമാത്രം ഉചിതമാണ്? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർഥിക്കുക.

14. "എവിടെത്തിരിഞ്ഞൊന്നു നോക്കിയാലെ-
ന്നവിടെല്ലാം പൂത്തമരങ്ങൾ മാത്രം
ഒരു കൊച്ചുകാറ്റെങ്ങാൻ വന്നുപോയാൽ
തുരുതുരെപ്പൂമഴയായി പിന്നെ" (ചങ്ങമ്പുഴ)

സൗന്ദര്യാരാധകനായ കവിയാണ് ചങ്ങമ്പുഴ - തന്നിരിക്കുന്ന വരികളും 'സൗന്ദര്യലഹരി' എന്ന കവിതയും വിശകലനം ചെയ്ത് ഈ പ്രസ്താവനയോടു പ്രതികരിക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക. (ഒരുപുറം)**

**(2 x 6 = 12)**

15. "എന്റെ സർവസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. അടിമത്തശൃംഖല പൊട്ടിക്കുവാൻ എന്റെ സർവശക്തിയും ഞാൻ ദാനം ചെയ്യുന്നു."

ബഷീറിന്റെ വാക്കുകൾ ഇന്നത്തെ വിദ്യാർഥികൾക്ക് നൽകുന്ന സന്ദേശമെന്ത്? നിങ്ങളുടെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി 'വിദ്യാർഥികളും പൊതുസമൂഹവും' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

16. • തന്റെ കണ്ണുകളുടെ നിറഞ്ഞ അന്ധകാരത്തിലേക്ക് വാക്കുകൾക്ക് വലിയ അർഥമൊന്നുമില്ല.

• തന്റെ ലോകം വളരെ ഇടുങ്ങിയതാണ്, മറ്റുള്ളവർക്ക് മനസ്സിലാക്കാനാവാത്തവിധം!

• മണികിലുക്കംപോലെ കൗതുകമുണർത്തുന്ന നാദം. പെട്ടെന്ന് മനസ്സിൽ ആഹ്ലാദത്തിന്റെ രോമാഞ്ചം.

സൂചനകളും കഥയിലെ ഇതര സന്ദർഭങ്ങളും പ്രയോജനപ്പെടുത്തി കണ്ണമ്മ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

17. കവിതയിലെ പ്രമേയം, ചമൽക്കാരഭംഗി, കാലികപ്രസക്തി തുടങ്ങിയവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

### നക്ഷത്രവും പൂവും

നക്ഷത്രമൊന്നിനെ കാട്ടി-വാനം
മുക്കുറ്റിയോടു ചോദിച്ചു:
ഉണ്ടോ ഒരെണ്ണമിവ്വണ്ണം- നിന-
ക്കെന്നോടു മത്സരംകൂടാൻ?
താണുപോയല്ലോ ശിരസ്സ് - ചെടി -
ക്കീറനായല്ലോ മിഴികൾ
ഇല്ലായ്മ സമ്മതിക്കുമ്പോൾ - വേറെ
വല്ലായ്മയെന്തുള്ളൂ പാരിൽ?
അന്നേരമുണ്ടാ ശിരസ്സിൽ - ഒരു
കുഞ്ഞുപൂവിന്റെ വിരിയൽ!
രത്നം പതിച്ചതുപോലെ- അതിൻ
കാന്തിയെങ്ങും ചിതറുന്നു!
കണ്ണഞ്ചുമാറായി വ്യോമം - മണ്ണി-
ലിത്രയുണ്ടാവുമോ ചന്തം?
നക്ഷത്രമെത്ര നിസ്സാരം - ഇത
ഭൂമിയിലെ പൊന്നുതാരം!
അത്രയും താഴ്മയിൽനിന്നേ - വരൂ
ഇത്രയ്ക്കഴകു പൂവിന്നും!

- വീരാൻകുട്ടി